ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 28.10.2025** **TIME : 7.25 PM**

### പ്രധാന വാർത്തകൾ

1. കേന്ദ്ര ജീവനക്കാർക്കായുള്ള എട്ടാം ശമ്പള കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. 18 മാസത്തിനകം കമ്മീഷൻ ശുപാർശകൾ സമർപ്പിക്കും.

   **The Union Cabinet has approved the Terms of Reference of 8th Central Pay Commission. Commission will make its recommendations within 18 months from the date of its constitution.**

2. ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മോൻതാ അതിതീവ്ര ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ തീരം തൊടും. ആന്ധ്രാ, ഒഡീഷ, തമിഴ്നാട് തീരങ്ങളിൽ അതീവ ജാഗ്രത.

   **Andhra Pradesh and Odisha witnessing heavy rainfall and fierce wind as Cyclonic storm Montha to make landfall near Kakinada between Machilipatnam and Kalingapatnam by this evening.**

3. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. മഹാസഖ്യം ഇന്ന് പ്രകടന പത്രിക പുറത്തിറക്കി.

   **Electioneering gains momentum in Bihar Assembly Elections; Mahagatbandhan released its manifesto this evening.**

4. എസ്ജെ-100 യാത്രാ വിമാനങ്ങൾ നിർമ്മിക്കുന്നതിന് ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ്, റഷ്യൻ കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചു.

**Hindustan Aeronautics Limited has signed an MoU with a Russian public Joint Stock Company United Aircraft Corporation for the production of SJ-100 civil commuter aircraft in India**

5. **67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് സമാപനമായി. മുഖ്യമന്ത്രിയുടെ സ്വർണ കപ്പ് സ്വന്തമാക്കി തിരുവനന്തപുരം ജില്ല.**

**67th Kerala School Sports Meet concluded today. Thiruvananthapuram district clinched Chief Minister's Golden Cup.**

6. **വനിതാ ഏകദിന ക്രിക്കറ്റ്, ബാറ്റർ റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി ഇന്ത്യയുടെ സ്മൃതി മന്ദാന .**

**Indian cricketer Smriti Mandhana has secured the top spot among batters in the world in Women's ODI rankings.**

**************************

## CABINET-DECISIONS (INTRO)

കേന്ദ്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായുള്ള എട്ടാം ശമ്പള കമ്മീഷൻറെ പരിഗണനാ വിഷയങ്ങൾക്ക് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭാ യോഗം. സുപ്രീംകോടതി മുൻ ജഡ്ജി, ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായ് ആണ് കമ്മീഷൻ അധ്യക്ഷ. അധ്യക്ഷയ്ക്ക് പുറമേ ഒരു പാർട്ട് ടൈം അംഗവും, മെമ്പർ-സെക്രട്ടറിയുമാണ് കമ്മീഷനിൽ ഉള്ളത്. 18 മാസത്തിനകം കമ്മീഷൻ ശുപാർശകൾ സമർപ്പിക്കുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 50 ലക്ഷം കേന്ദ്ര ജീവനക്കാർക്കും, 69 ലക്ഷം പെൻഷൻകാർക്കുമാണ് പരിഷ്കരണത്തിൻറെ പ്രയോജനം ലഭിക്കുക.

(ഹോൾഡ് - അശ്വിനി)

2025-26 റാബി സീസണിലേക്ക് ഫോസ്ഫേറ്റ്, പൊട്ടാസ്യം രാസവളങ്ങൾക്ക് പോഷകാധിഷ്ഠിത സബ്സിഡിയും മന്ത്രിസഭ പ്രഖ്യാപിച്ചു. 37,952 കോടി രൂപയാണ് സബ്സിഡിയിനത്തിൽ

നൽകുന്നത്. പുതിയ നിരക്കുകൾക്ക് ഒക്ടോബർ 1 മുതൽ പ്രാബല്യമുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു.

***************************

## CYCLONE

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മോൻതാ അതിതീവ്ര ചുഴലിക്കാറ്റ് ആന്ധ്രാതീരത്തെ കാക്കിനടയ്ക്ക് സമീപം ഇന്ന് രാത്രിയോടെ തീരം തൊടും. 110 കിലോമീറ്റർ വേഗതയിലായിരിക്കും ചുഴലിക്കാറ്റ് കരയിൽ പ്രവേശിക്കുക. ആന്ധ്രാപ്രദേശിലെ മച്ചിലിപട്ടണം, കൃഷ്ണ, വെസ്റ്റ് ഗോദാവരി, പ്രകാശം, നെല്ലൂർ ഉൾപ്പെടെയുള്ള മേഖലകളിൽ ഇന്ന് രാവിലെ മുതൽ അതിശക്തമായ മഴയാണ് അനുഭവപ്പെടുന്നത്. കാക്കിനടയ്ക്കും, ഉപ്പഡയ്ക്കുമിടയിലെ എട്ട് കിലോമീറ്റർ ബീച്ച് റോഡ്, കടൽക്ഷോഭത്തിൽ പൂർണമായും തകർന്നു. തീരമേഖലയിൽ കർശനജാഗ്രത തുടരുകയാണ്. ദുരന്ത സാധ്യതയുള്ള മേഖലകളിൽ നിന്നും ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. ഒഡീഷ തീരത്തും അതിശക്തമായ മഴയാണ് അനുഭവപ്പെടുന്നത്. ചുഴലിക്കാറ്റ് സാധ്യതാ മേഖലയിലെ എട്ട് ജില്ലകളിൽ നിന്നും 11,000-ത്തോളം പേരെ മാറ്റിപ്പാർപ്പിച്ചു. തമിഴ്നാട്, പുതുച്ചേരി തീരങ്ങളിലും കർശന ജാഗ്രത തുടരുകയാണ്. ചെന്നൈ, തിരുവള്ളൂർ, കാഞ്ചിപുരം ജില്ലകളിൽ മത്സ്യബന്ധനം പൂർണമായും നിരോധിച്ചു. മോൻതാ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ റെയിൽവേ വിവിധ ട്രെയിൻ സർവീസുകൾ റദ്ദാക്കുകയും, വഴി തിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടാൻ റെയിൽവേ, വാർ റൂമുകൾ സജ്ജമാക്കിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

***************************

## BIHAR ELECTION

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൻഡിഎയും, മഹാസഖ്യവും

മുൻനിര നേതാക്കളെ പ്രചാരണത്തിനായി രംഗത്തെത്തിച്ചിട്ടുണ്ട്. മഹാസഖ്യം ഇന്ന് പ്രകടന പത്രിക പുറത്തിറക്കി. RJD നേതാവ് തേജസ്വി യാദവ്, കോൺഗ്രസ് നേതാവ് പവൻ ഖേര തുടങ്ങിയവർ ചേർന്നാണ് പത്രിക പ്രകാശനം ചെയ്തത്. എല്ലാ കുടുംബത്തിൽ നിന്നും ഒരാൾക്ക് സർക്കാർ ജോലി, പഴയ പെൻഷൻ പദ്ധതി പുനസ്ഥാപിക്കൽ തുടങ്ങിയ വാഗ്ദാനങ്ങളാണ് പ്രകടന പത്രികയിലുള്ളത്. 243 അംഗ ബിഹാർ നിയമസഭയിലേക്ക് നവംബർ 6, 11 തീയതികളിലായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

***************************

## PREZ- AMBALA RAFALE

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ഹരിയാനയിലെ അംബാല വ്യോമത്താവളം സന്ദർശിക്കും. റഫാൽ യുദ്ധവിമാനത്തിൽ രാഷ്ട്രപതി യാത്ര ചെയ്യും. 2023 ൽ സുഖോയ് 30 എംകെഐ വിമാനത്തിൽ സഞ്ചരിച്ചശേഷം ഇതാദ്യമായാണ് രാഷ്ട്രപതി യുദ്ധവിമാനത്തിൽ യാത്ര ചെയ്യുന്നത്.

***************************

## NAVY CHIEF-INDO PACIFIC (INTRO)

ഇന്തോ-പസഫിക് മേഖല കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രവർത്തനങ്ങളും സമുദ്ര ശേഷി വർദ്ധനയും അനിവാര്യമാണെന്ന് നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി. ന്യൂഡൽഹിയിൽ ഇന്ന് നടന്ന ഇന്തോ-പസഫിക് മേഖലാ സംഭാഷണത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സമുദ്രമേഖലയിൽ രാജ്യത്തിൻറെ സുസ്ഥിരത ഉറപ്പുവരുത്തുന്ന വിധത്തിലുള്ള ശേഷി വികസനമാണ് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ നാവികസേന വികസിപ്പിച്ച നിഷാർ മിത്ര ടെർമിനലുകൾ ഇന്റലിജൻസ്, വിവര കൈമാറ്റം എന്നിവ സുഗമമാക്കുമെന്നും നാവികസേനാ മേധാവി

പറഞ്ഞു.

(ബൈറ്റ്)

**************************

## HAL-CIVIL AVIATION

എസ്ജെ-100 സിവിൽ യാത്രാ വിമാനങ്ങൾ ഇന്ത്യയിൽ നിർമ്മിക്കുന്നതിനായി ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ്, റഷ്യൻ കമ്പനിയായ യുണൈറ്റഡ് എയർക്രാഫ്റ്റ് കോർപ്പറേഷനുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. രാജ്യത്തെ സിവിൽ ഏവിയേഷൻ മേഖലയ്ക്ക് നാഴികക്കല്ലാണ് ഈ ചുവടുവയ്പ്പെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. . രാജ്യത്ത് നിർമ്മിക്കുന്ന ആദ്യത്തെ സമ്പൂർണ്ണ യാത്രാ വിമാനമായിരിക്കും എസ്ജെ-100 .

**************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**************************

## AMEOBIC STUDY

സംസ്ഥാനത്തെ അമീബിക്ക് മസ്തിഷ്ക ജ്വര ബാധ സംബന്ധിച്ച് കോഴിക്കോട് ഫീൽഡ്തല പഠനം ആരംഭിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പും ചെന്നൈ ഐ.സി.എം.ആർ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജിയിലെ വിദഗ്ധരും ചേർന്നാണ് ഫീൽഡുതല പഠനം നടത്തുന്നത്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിലും സംഘം പഠനം നടത്തും.

**************************

## SCHOOL SPORTS MEET (INTRO)

67-ാമത് സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ലയ്ക്ക് കിരീടം. തൃശൂർ രണ്ടാമതും കണ്ണൂർ മൂന്നാമതുമെത്തി. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന സമാപന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും, മന്ത്രി വി ശിവൻകുട്ടിയും ചേർന്ന് മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പ് ഓവറോൾ ചാമ്പ്യൻമാരായ തലസ്ഥാന ജില്ലയ്ക്ക് സമ്മാനിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്..**

**(ഹോൾഡ്)**

***************************

## TN VP VISIT

2047 ൽ ഇന്ത്യയെ വികസിത ഭാരതമാക്കാൻ പൗരന്മാർ കഠിനാധ്വാനം ചെയ്യണമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. രാജ്യത്തിന്റെ വളർച്ചയുടെയും വികസനത്തിന്റെയും നട്ടെല്ല് തൊഴിലാളികളും കർഷകരുമാണെന്നും അദ്ദേഹം പറഞ്ഞു. കോയമ്പത്തൂർ സിറ്റിസൺസ് ഫോറത്തെ ഇന്ന് അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**************************

## JOSHI ISA-EARLY

സൗരോർജ്ജ ഉൽപ്പാദനത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനം കൈവരിച്ചതായി കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. ഫോസിൽ ഇന്ധന ഇറക്കുമതി രാജ്യം വിജയകരമായി കുറച്ചെന്നും ന്യൂഡൽഹിയിൽ നടന്ന അന്താരാഷ്ട്ര സൗരോർജ സഖ്യത്തിൻറെ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

****************************

## GADKARI-CII CONFERENCE

മികച്ച അടിസ്ഥാന സൗകര്യങ്ങളാണ് രാജ്യത്തിന്റെ നട്ടെല്ലെന്നും, 2027 ഓടെ 5 ട്രില്യൺ സമ്പദ്വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സുസ്ഥിര റോഡ് വികസനം സുപ്രധാനമാണെന്നും കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. രാജ്യത്തെ സ്മാർട്ട് റോഡുകളുടെ ഭാവിയെക്കുറിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സിഐഐ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

****************************

## VIGILANCE WEEK - COMPETITION

വിജിലൻസ് വാരാചരണത്തോടനുബന്ധിച്ച് തിരുവനന്തപുരം ആകാശവാണിയും റീജിയണൽ പാസ്പോർട്ട് ഓഫീസും ചേർന്ന് കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ ഇന്ന് വിതരണം ചെയ്യു. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നടന്ന ചടങ്ങിൽ റീജിണൽ പാസ്പോർട്ട് ഓഫീസർ ജീവാ മരിയ ജോയ് മുഖ്യാതിഥിയായി.

****************************

## GST REFORMS- REAL ESTATE

നിർമ്മാണ സാമഗ്രികളുടെയും സേവനങ്ങളുടെയും നികുതി കുറച്ചുകൊണ്ട്, ഭവന മേഖലയ്ക്ക് വലിയ ആശ്വാസവും ഉത്തേജനവുമായി മാറിയിരിക്കുകയാണ് പുതുതലമുറ ജി എസ് റ്റി പരിഷ്കാരങ്ങൾ. എല്ലാവർക്കും വീട് എന്ന സർക്കാരിന്റെ ദൗത്യത്തെ സാക്ഷാത്കരിക്കാൻ സെപ്റ്റംബർ 22 മുതൽ രാജ്യത്ത് നിലവിൽ വന്ന ജി എസ് ടി പരിഷ്കാരങ്ങൾ വലിയ പങ്കുവഹിക്കുന്നതായാണ് വിലയിരുത്തലുകൾ.

***************************

## INDIAN  WOMEN  CRICKETER  RANKING

വനിതാ ഏകദിന ക്രിക്കറ്റ്, ബാറ്റർ റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി ഇന്ത്യയുടെ സ്മൃതി മന്ദാന. 828 പോയിന്റുമായാണ് സമൃതി ഒന്നാം സ്ഥാനത്ത് തുടരുന്നത്. 731 പോയിന്റുമായി ഓസ്ട്രേലിയയുടെ ആഷ്ലി ഗാർഡ്നറാണ് രണ്ടാമത്. ബൗളർമാരിൽ, 747 പോയിന്റുമായി ഇംഗ്ലണ്ടിന്റെ സോഫി എക്ലെസ്റ്റോൺ ആണ് മുന്നിൽ.

************************************************************************************
*********